# കൂദാശാനുകരണങ്ങൾ (1)

**ഫാ.ജോർജ് ദാനവേലിൽ**

അദൃശ്യമായ ദൈവീകജീവൻ നല്കി നമ്മെ വിശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ക്രിസിതുവിനാൽ സ്ഥാപിതവും തിരുസ്സഭ പരികർമ്മം ചെയ്യുന്നതുമായ വിശുദ്ധകർമ്മങ്ങളാണ് കൂദാശകൾ. കൂദാശകളെ കൂടാതെ നമ്മുടെ ജീവിതത്തെയും ജീവിതസാഹചര്യങ്ങളെയും വിശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന കർമ്മങ്ങളും സഭയിലുണ്ട്. ഇങ്ങനെ സഭാമക്കളെ വിശുദ്ധീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി സഭയിൽ സ്ഥാപിതമായിട്ടുള്ള കർമ്മങ്ങളെയും പ്രാർത്ഥനകളെയും ശുശ്രൂഷകളെയുമാണ് കൂദാശാനുകരണങ്ങൾ (Sacramentals) എന്നു പറയുന്നത്. കൂദാശകളെ അനുകരിച്ചുള്ള വിശുദ്ധ കർമ്മങ്ങളായതുകൊണ്ടാണ് ഈ കർമ്മങ്ങളെ കൂദാശാനുകരണങ്ങൾ എന്നു വിളിക്കുന്നത്. കൂദാശകളോടു സാധർമ്മ്യമുള്ള സംപൂജ്യങ്ങളായ പ്രതീകങ്ങളാണവ.

കൂദാശകൾ ഈശോമിശിഹാ സ്ഥാപിച്ചവയാണെങ്കിൽ കൂദാശാനുകരണങ്ങൾ സഭയുടെ അധികാരത്താൽ സ്ഥാപിതമായ വിശുദ്ധ കർമ്മങ്ങളാണ്. കൂദാശകളുടെ ഫലം സ്വീകരിക്കുവാൻ അവ മനുഷ്യരെ പ്രാപ്തരാക്കുന്നു. ഓരോരോ കാലങ്ങളിൽ സഭാസമൂഹത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ച് സഭ ആരംഭിച്ചവയാണ് ഈ കർമ്മങ്ങൾ. സഭാമക്കളുടെ വിവിധ ജീവിതാവസ്ഥകളെയും സാഹചര്യങ്ങളെയും ജീവിതവുമായി ബന്ധപ്പെട്ട ആഘോഷങ്ങളെയും സ്ഥലങ്ങളെയും വസ്തുക്കളെയും വിശുദ്ധീകരിക്കുക എന്നതാണ് ഇവയുടെ ലക്ഷ്യം(1667). ഈ കർമ്മങ്ങളിലൂടെ നമ്മളും നമ്മുടെ ജീവിതസാഹചര്യങ്ങളും വിശുദ്ധീകരിക്കപ്പെടുന്നു; ദൈവകൃപയാൽ ശക്തരാക്കപ്പെടുന്നു.

കൂദാശകളെ അനുകരിച്ചുള്ള വിശുദ്ധകർമ്മങ്ങളായതുകൊണ്ടാണ് ഈ കർമ്മങ്ങളെ കൂദാശാനുകരണങ്ങൾ എന്നു വിളിക്കുന്നത്. കൂദാശകളോട് സാധർമ്മ്യമുള്ള സംപൂജ്യമായ പ്രതീകങ്ങളാണവ. കൂദാശകളുടെ പ്രധാനഫലമായ ദൈവീകജീവൻ സ്വീകരിക്കുവാൻ ഇവ വ്യക്തികളെ സജ്ജരാക്കുകയും ജീവിതത്തിന്റെ വിവിധ സന്ദർഭങ്ങളെ പവിത്രമാക്കുകയും ചെയ്യുന്നു. സഭയിലെ ചില ശുശ്രൂഷകളെയും ജീവിതാവസ്ഥകളെയും ക്രൈസ്തവ ജീവിതത്തിലെ വിവിധ സന്ദർഭങ്ങളെയും മനുഷ്യനു സഹായകമായ വസ്തുതകളെയും അവയുടെ ഉപയോഗത്തെയും വിശുദ്ധീകരിക്കുവാൻ വേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ് കൂദാശാനുകരണങ്ങൾ. മെത്രാന്മാരുടെ അജപാലന തീരുമാനങ്ങൾക്ക് അനുസൃതമായി ഒരു പ്രത്യേകസ്ഥലത്തെ അല്ലെങ്കിൽ കാലഘട്ടത്തിലെ ക്രൈസ്തവ സമൂഹത്തിന്റെ ആവശ്യങ്ങളോടും സംസ്കാരത്തോടും പ്രത്യേക ചരിത്രത്തോടും ബന്ധപ്പെട്ടാണ് കൂദാശാനുകരണങ്ങൾ രൂപപ്പെട്ടിട്ടുള്ളത്.

ഓരോ കൂദാശാനുകരണത്തിലും പ്രത്യേക പ്രാർത്ഥനകളും, കൈവയ്പ്, കുരിശടയാളം, വിശുദ്ധജലം തളിക്കൽ, ആശീർവദിക്കൽ തുടങ്ങിയ കർമ്മങ്ങളും ഉണ്ടായിരിക്കും (1668). ഈ

കൂദാശാനുകരണങ്ങൾ സഭാപരവും കൗദാശികവുമായ ജീവിതവുമായി എത്ര കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നുവോ അത്ര കൂടുതലായി അതിന്റെ പരികർമ്മം പട്ടം കിട്ടിയ ശുശ്രൂഷകർക്കായി (മെത്രാന്മാർ, വൈദികർ, ഡീക്കന്മാർ) മാറ്റിവയ്ക്കപ്പെട്ടിരിക്കുന്നു (1669). മിശിഹായുടെ പീഡാനുഭവവും, മരണവും, ഉത്ഥാനവുമാകുന്ന പെസഹാരഹസ്യത്തിൽ നിന്നാണ് എല്ലാ കൂദാശകളും കൂദാശാനുകരണങ്ങളും ശക്തി സ്വീകരിക്കുന്നത് (1670). കൂദാശകൾ പരിശുദ്ധാത്മാവിന്റെ കൃപാവരം നേരിട്ടു പകർന്നു നൽകുന്നതുപോലെ കൂദാശാനുകരണങ്ങൾ കൃപാവരം തരുന്നില്ല. മറിച്ച് സഭയുടെ മദ്ധ്യസ്ഥതയാൽ അവ കൃപാവരം സ്വീകരിക്കുവാൻ നമ്മെ ഒരുക്കുകയും അവയുമായി സഹകരിക്കുവാൻ നമ്മെ സന്നദ്ധരാക്കുകയും ചെയ്യുന്നു.

**കൂദാശാനുകരണങ്ങളുടെ വിവിധ രൂപങ്ങൾ**

സഭയിലെ കൂദാശാനുകരണങ്ങളിൽ പ്രധാനപ്പെട്ടത് മൂറോൻ കൂദാശ, ദേവാലയ കൂദാശ, സമർപ്പിത പ്രതിഷ്ഠ, പിശാചു ബഹിഷ്കരണ കർമ്മം, മൃതസംസ്കാര കർമ്മം, ആശീർവാദങ്ങൾ, വെഞ്ചരിപ്പുകൾ എന്നിവ ആണ്. ഇവയിൽ തന്നെ ചില കർമ്മങ്ങൾക്ക് സ്ഥായിയായ സ്വഭാവമുണ്ട്. അതുവഴി ചില വ്യക്തികളെയും സ്ഥലങ്ങളെയും വസ്തുക്കളെയും ദൈവത്തിനായി പ്രതിഷ്ഠിക്കുകയും ദൈവാരാധനക്കായി മാറ്റിവക്കുകയും ചെയ്യുന്നു. മൂറോൻ കൂദാശ, ദേവാലയ പ്രതിഷ്ഠ, സമർപ്പിത പ്രതിഷ്ഠ തുടങ്ങിയവ സ്ഥായിയായ സ്വഭാവം പേറുന്നതും വളരെ പ്രാധാന്യം അർഹിക്കുന്നതുമായ കൂദാശാനുകരണങ്ങളാണ്.

കൂദാശാനുകരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് മൂറോൻ കൂദാശ അഥവാ സൈത്ത് വെഞ്ചരിപ്പാണ്. മെത്രാനാണ് ഈ വെഞ്ചരിപ്പു നടത്തുന്നത്. തൈലാഭിഷേക കൂദാശയിൽ ഈ തൈലമാണ് ഉപയോഗിക്കുന്നത്. മാമ്മോദീസ ജലം വെഞ്ചരിക്കുന്നതും, പൗരോഹിത്യം മെത്രാഭിഷേകം തുടങ്ങിയ ശുശ്രൂഷകളിലെ ലേപലത്തിനും ഈ തൈലമാണ് ഉപയോഗിക്കുന്നത്.

കൂദാശാനുകരണങ്ങളിൽ വരുന്ന മറ്റൊരു വിശുദ്ധ കർമ്മമാണ് ദൈവാലയ പ്രതിഷ്ഠ. പണി തീർക്കപ്പെട്ട ദേവാലയം ഇതു വഴി ദൈവത്തിനു പ്രതിഷ്ഠിക്കപ്പെടുകയും അവിടുത്തെ ഭവനമായി മാറുകയും ചെയ്യുന്നു. അതിനാലാണ് നമ്മൾ പ്രാർത്ഥിക്കുന്നതിനും ബലിയർപ്പിക്കുന്നതിനുമായി ദൈവാലയത്തിൽ ഒത്തുചേരുന്നത്. ദൈവസാന്നിദ്ധ്യത്താൽ ദൈവാലയം പരിശുദ്ധമാണ്. അതിനാൽ അതിന്റെ പരിശുദ്ധിക്കു യോജിച്ച വിധത്തിലായിരിക്കണം ദൈവാലയത്തിലുള്ള നമ്മുടെ പെരുമാറ്റം.

സമർപ്പിതരുടെ പ്രതിഷ്ഠാ കർമ്മമാണ് കൂദാശാനുകരണങ്ങളിൽ മറ്റൊന്ന്. ദൈവത്തിനു സമർപ്പിക്കപ്പെട്ടവരായി ജീവിക്കുവാൻ കൃപ ലഭിച്ചിട്ടുള്ള വ്യക്തികളെ ഈ ശുശ്രൂഷ വഴി സഭ വിശുദ്ധീകരിക്കുകയും ദൈവത്തിലു പ്രതിഷ്ഠിക്കുകയും ചെയ്യുന്നു. അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ വ്രതങ്ങൾ അനുഷ്ഠിച്ചുകൊണ്ട് സമർപ്പിതജീവിതം നയിക്കുവാനുള്ള അനുഗ്രഹം ദൈവം ഈ ശുശ്രൂഷ വഴി അവർക്കു നൽകുകയും ചെയ്യുന്നു.